**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 261** **11-03-2025 - ൽ മറുപടിയ്ക്ക്**

**ഒയാസിസ് കമ്പനിക്ക് ഭൂമി രജിസ്റ്റർ ചെയ്ത് നൽകിയ സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് എലപ്പുള്ളിയിൽ മദ്യനിർമ്മാണ യൂണിറ്റ് ആരംഭിക്കാൻ ഒയാസിസ് കമ്പനിക്ക് 24.59 ഏക്കർ ഭൂമി രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് രജിസ്റ്റർ ചെയ്തതെന്ന് വ്യക്തമാക്കാമോ; | (എ) | ഒയാസിസ് കൊമേഴ്സ്യൽ പ്രൈവറ്റ് ലിമിറ്റഡ് (OASIS COMMERCIAL PRIVATE LIMITED) എന്ന കമ്പനിയുടെ പേർക്ക് 9.6858 ഹെക്ടർ (23.92 ഏക്കർ) ഭൂമി രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്. പ്രസ്തുത രജിസ്ട്രേഷനുകൾ 9 ആധാരങ്ങൾ പ്രകാരം 26.05.2022, 27.05.2022, 16.06.2022, 05.07.2022, 07.11.2022, 31.07.2024 എന്നീ തീയതികളിലായാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| (ബി) | കമ്പനികൾക്ക് നിയമാനുസരണം കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധി 15 ഏക്കർ ആണെന്നിരിക്കെ ഒയാസിസ് കമ്പനിക്ക് 24.59 ഏക്കർ ഭൂമി രജിസ്റ്റർ ചെയ്ത് നൽകിയത് നിയമാനുസൃതമാണോയെന്ന് വ്യക്തമാക്കാമോ; | (ബി) | രജിസ്ട്രേഷൻ ആക്ട് പ്രകാരം മേൽ ആധാരങ്ങൾ രജിസ്റ്റർ ചെയ്തു നൽകിയതിൽ അപാകതയില്ല. കൈവശം വെക്കാവുന്ന ഭൂമിയുടെ പരിധി സംബന്ധിച്ചുള്ള വിവരം റവന്യൂ റിക്കോർഡ് പ്രകാരമുള്ളതായതിനാൽ രജിസ്ട്രേഷൻ വകുപ്പിന് പ്രസ്തുത വിവരം ലഭ്യമല്ല. |
| (സി) | എങ്കിൽ പ്രസ്തുത രജിസ്ട്രേഷൻ സാധൂകരിച്ചു നൽകിയത് ഏതു നിയമത്തിന്റെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കുമോ? | (സി) | 1908 ലെ രജിസ്ട്രേഷൻ ആക്ട് പ്രകാരം ആധാരങ്ങൾ രജിസ്റ്റർ ചെയ്തു നൽകുക എന്നുള്ളതാണ് വകുപ്പിന്റെ പരിധിയിൽ വരുന്നത്. സാധൂകരിച്ച് നൽകുന്നത് വകുപ്പിന്റെ പരിധിയിൽ വരുന്ന നടപടിയല്ല. |

സെക്ഷൻ ഓഫീസർ